**ആരോഗ്യവകുപ്പ് ഡയറക്ടറുടെകാര്യാലയം**

വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം പിൻ– **695035**

ഫോൺ: **0471 2302490** ഫാക്സ്: **0471 2303025 / 2303080**

ഇമെയിൽ: **dhskerala.hlth@kerala.gov.in** വെബ്സൈറ്റ്: **www.dhs.kerala.gov.in**

---

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം:- ആരോഗ്യവകുപ്പ് – ജീവനക്കാര്യം - ഡോ ലിജി ജസ്റ്റിൻ **(Dr Liji Justin PEN 960130)**, അസിസ്റ്റന്റ് സർജൻ / കാഷ്വാൽറ്റി മെഡിക്കൽ ഓഫീസർ- അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. **DMOH-PTA/2483/2025-A1** തീയതി **03.05.2025**
2. **GE03/D/L-508/1094251/472** തീയതി **12.08.2023**
3. കാരണം കാണിക്കൽ നോട്ടീസ് നം **DHS/17124/2025-EA4** തീയതി **12.12.2025**
4. ഡോ ലിജി ജസ്റ്റിൻ സമർപ്പിച്ച അപേക്ഷ തീയതി **30.12.2025**
5. **DMOH-PTA/2536/2025-A1** തീയതി **20.01.2026**
6. **DMOH-PTA/2536/2025-A1** തീയതി **20.02.2026**

**ഉത്തരവ് നം. DHS/17124/2025-EA4 തീയതി. #ApprovedDate#**

ഡോ ലിജി ജസ്റ്റിൻ **(Dr Liji Justin PEN 960130)**, പത്തനംതിട്ട നിരണം കുടുംബാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ സേവനത്തിലിരിക്കവെ **30.03.2025** തീയതി മുതൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുകയാണെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമായി കണക്കാക്കുന്നതിന് കഴിയാത്തതിനാൽ **1958** ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ പാർട്ട് **II** റൂൾ **19(a) (ii)** പ്രകാരം പ്രൊബേഷൻ അവസാനിപ്പിച്ച് സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതിനായി താത്കാലിക തീരുമാനമെടുത്ത് പരാമർശം **(3)** പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. ടി കാരണം കാണിക്കൽ നോട്ടീസിന് ഡോ ലിജി ജസ്റ്റിൻ

പരാമർശം (4) പ്രകാരം സമർപ്പിച്ച മറുപടി പരാമർശം (5) പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയിരുന്നു. **01.08.2024** മുതൽ **27.01.2025** വരെ മെറ്റേർണിറ്റി ലീവിലും, ടി അവധിയ്ക്ക് തുടർച്ചയായി **60** ദിവസം ശൂന്യവേതനാവധിയിലും ആയിരുന്നുവെന്നും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേയ്ക്ക് അപേക്ഷിക്കുന്നതിന് സീനിയർ റസിഡൻസിയ്ക്കായി ശൂന്യവേതനാവധിയിൽ ആണെന്നും അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിന്നത് ക്ഷമിക്കണമെന്നും നിരാക്ഷേപ പത്രം അനുവദിക്കണമെന്നും അപേക്ഷയിൽ പരാമർശിച്ചിട്ടുണ്ട്. ടിയാൾക്ക് **01.08.2024** മുതൽ **27.01.2025** വരെ മെറ്റേണിറ്റി അവധിയും, **28.01.2025** മുതൽ **28.03.2025** വരെ ശൂന്യവേതനാവധിയും അനുവദിച്ചിരുന്നുവെന്നും നിർബന്ധിത ബോണ്ട് സേവനത്തിന്റെ ഭാഗമായി നിരാക്ഷേപ പത്രം ലഭിക്കുന്നതിനും അവധി അനുവദിക്കുന്നതിനും ഉള്ള അപേക്ഷ സമർപ്പിച്ചിട്ടില്ലെന്നും ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചിരിക്കുന്നു.

(2). ഡോ ലിജി ജസ്റ്റിൻ സമർപ്പിച്ച അപേക്ഷ വിശദമായി പരിശോധിച്ചു. പഠനാവശ്യത്തിനായി നിരാക്ഷേപ പത്രത്തിനും അവധി അപേക്ഷയും സമർപ്പിക്കാതെ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിന്നത് ടിയാളുടെ ഭാഗത്തു നിന്നുള്ള വീഴ്ചയായി കണക്കാക്കുന്നു. ആരോഗ്യ വകുപ്പ് ഒരു അവശ്യസേവന വകുപ്പ് ആണ്. ഡോക്ടർമാർ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനങ്ങളെയും, സർക്കാർ ആശുപത്രികളെ അശ്രയിക്കുന്ന പൊതു ജനങ്ങളെയും സാരമായി ബാധിക്കുന്നതാണ്. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് അംഗീകരിക്കുവാൻ കഴിയുന്നതല്ല. ടി സാഹചര്യത്തിൽ ടിയാളുടെ അപേക്ഷ തൃപ്തികരമായി കണക്കാക്കുന്നതിന് കഴിയുകയില്ല. ആയതിനാൽ **30.03.2025** തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ ലിജി ജസ്റ്റിൻ അസിസ്റ്റന്റ് സർജന്റെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

(3). ആയതിനാൽ **1958** ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് **II** ചട്ടം **19 (a) (ii)** പ്രകാരം ഡോ ലിജി ജസ്റ്റിൻ അസിസ്റ്റന്റ് സർജന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Digitally signed by
Meenakshy V
Date: 03-08-2026
00:01:09

**Dr MEENAKSHY V**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr Liji Justin,**

**Sreelayam, Ayira, Parassala,**

**Thiruvananthapuram- 695502**

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,
തിരുവനന്തപുരം.
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),
പത്തനംതിട്ട.
3. മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ്,
കുടുംബാരോഗ്യ കേന്ദ്രം നിരണം പത്തനംതിട്ട.
(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)
4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്
5. ഫയൽ